# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.351 31.01.2014-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ. കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

### പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ

| ചോദ്യം | മറുപടി |
|---|---|
| (എ)<br>കടക്കെണി നേരിടുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ കേരള സംസ്ഥാനത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | ഉണ്ട്.<br>പതിമൂന്നാം ധനകാര്യ കമ്മീഷൻ സാമ്പത്തിക ദൃഢീകരണത്തിന്റെ ഭാഗമായി 2007-08 സാമ്പത്തിക വർഷം റവന്യൂ കമ്മിയിലായിരുന്ന കേരളം, പഞ്ചാബ്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളെ ഒരു പ്രത്യേക ഗ്രൂപ്പായി പരിഗണിച്ച് അവയ്ക്ക് പ്രത്യേക സാമ്പത്തിക ദൃഢീകരണ പാത നിർദ്ദേശിച്ചു. ആയതുപ്രകാരം കേരളം 2014-15 ആകുമ്പോഴേക്കും റവന്യൂ കമ്മി ഇല്ലാതാക്കുകയും ധനകമ്മി 2013-14-ൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3 ശതമാനമായി കുറയ്ക്കുകയും വേണം. കൂടാതെ കടബാധ്യത 2014-15-ൽ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 29.8 ശതമാനമായി കുറയ്ക്കണം. |
| (ബി)<br>എങ്കിൽ ഈ പട്ടികയിൽപ്പെടുന്ന സംസ്ഥാനങ്ങൾക്ക് പ്രത്യേക പാക്കേജ് നൽകാനുള്ള പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ നടപ്പാക്കിക്കിട്ടാൻ സംസ്ഥാനം എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | പ്രത്യേക പാക്കേജ് പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടില്ല. |
| (സി)<br>പ്രസ്തുത പാക്കേജിന്റെ കാര്യം പരിഗണിക്കുന്ന പതിനാലാം ധനകാര്യ കമ്മീഷന്റെ മുമ്പിൽ സംസ്ഥാന താൽപര്യം പരിരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ? | പതിനാലാം ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിൽ കേരളത്തിന്റെ കടബാധ്യത ലഘൂകരിക്കുന്നതിന് കടാശ്വാസം അനുവദിക്കണമെന്നും മുൻകാല കേന്ദ്ര വായ്പകളും അതിന്മേലുള്ള പലിശയും എഴുതിതള്ളണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ